# എന്റെ ആദ്യകഥകളിൽ ചിത്ര-ശില്പ കലയുടെ സ്വാധീനം

## ഇ. ഹരികുമാർ

എന്റെ ആദ്യ കഥാസമാഹാരമായ 'കൂറകൾ' പ്രസിദ്ധപ്പെടുത്തിയത് തൊള്ളായിരത്തി എഴുപത്തിരണ്ടിലാണ്. പത്തു വർഷങ്ങളിലായി എഴുതിയ പതിനൊന്ന് കഥകൾ. അവയെ കഥകളെന്നു വിളിക്കാൻ പറ്റുമോ എന്നറിയില്ല. കഥകളെപ്പറ്റിയുള്ള സങ്കല്പം, അല്ലെങ്കിൽ കഥകളെഴുതുന്നതിന്റെ മാനദണ്ഡങ്ങൾ അതൊന്നും പാലിക്കാതെ എഴുതിയവയായിരുന്നു അവയിൽ മിക്കതും. അന്നെല്ലാം സാഹിത്യത്തേക്കാൾ ഞാൻ ആസ്വദിച്ചിരുന്നത് ചിത്രകലയും ശില്പകലയുമായിരുന്നു. കുറച്ച് പശ്ചാത്തലം വരച്ചു കാണിക്കട്ടെ. ഞാൻ കൽക്കത്തയിൽ ജോലി അന്വേഷിച്ച് പോയത് പതിനേഴു വയസ്സിനു മുമ്പാണ്. ശരിക്കു പറഞ്ഞാൽ പതിനാറര വയസ്സിൽ. അതൊരുതരം പറിച്ചു നടലായിരുന്നു. വളരെ ക്രൂരമാം വിധം എന്നെ അച്ഛന്റെയും അമ്മയുടെയും അടുത്തുനിന്ന്, നാടിന്റെ സ്വച്ഛാന്തരീക്ഷത്തിൽ നിന്ന് അടർത്തിയെടുക്കുകയാണുണ്ടായത്. വേരുകൾക്ക് കേടില്ലാത്തവിധം മണ്ണോടുകൂടിയല്ലാതെ വെറുതെ പിഴുതെടുത്ത് പരിചയമില്ലാത്ത മണ്ണിൽ കുഴിച്ചിടുകയായിരുന്നു. ഇന്ന് ആ പ്രായത്തിലുള്ള കുട്ടികളെ കാണുമ്പോഴാണ് ഞാൻ ഓർക്കുന്നത് നാടു വിടുമ്പോൾ ഞാനിത്രത്തോളം ചെറുതായിരുന്നു എന്ന്. ചോദിക്കാം, എന്താ ആ പ്രായത്തിൽ കുട്ടികൾ വീടു വിട്ട് കോളേജ് ഹോസ്റ്റലിലും മറ്റും താമസിക്കുന്നില്ലേ? രണ്ടും രണ്ടാണ്. കോളേജിൽ പഠിക്കാനായി വീടു വിടുന്നതും ഒരു ജോലി തേടി വലിയവരുടെ ലോകത്തേയ്ക്ക് എടുത്തെറിയുന്നതും. നീന്തലറിയാത്ത ഒരു കുട്ടിയെ കടലിലേയ്ക്ക് എറിയുന്ന പോലാണത്. ആ പ്രായത്തിൽ ഒരാൾക്ക് നഷ്ടമായതിനു പകരം എന്തെങ്കിലും പ്രതിഷ്ഠിക്കണം. ഞാൻ തിരഞ്ഞെടുത്തത് വായനയായിരുന്നു പിന്നെ ചിത്രകലയോടുള്ള ഭ്രമവും, കൂട്ടത്തിൽ പാട്ടു കേൾക്കലും (ക്രമേണ, ശേഖരണവും). ഇതിൽ ആദ്യത്തെ രണ്ടും പരസ്പര ബന്ധമുള്ളവയായി. ചിത്രകലയെപ്പറ്റി പഠിച്ചത് നേഷനൽ ലൈബ്രറിയിലെ പുസ്തകങ്ങളിലൂടെയാണ്. എനിക്ക് അഭയമായിരുന്ന രണ്ട് ലൈബ്രറികളായിരുന്നു ന്യൂ ആലിപ്പൂരിലെ നേഷനൽ ലൈബ്രറിയും ചൗറിങ്കിയിലുള്ള അമേരിക്കൻ ലൈബ്രറിയും. ധാരാളം പുസ്തകങ്ങൾ, ഏതു വിഭാഗത്തിൽ പെട്ടവയാണെങ്കിലും ലഭ്യമാണ്. ചിത്രശില്പ കലയെപ്പറ്റിയുള്ള എന്റെ സംശയങ്ങൾ കുറെയേറെ തീർത്തു തന്നിരുന്നത് ഹെർബർട്ട് റീഡിന്റെ ഫോംസ് ഓഫ് തിങ്ങ്സ് അൺനോൺ, ഹെന്റ്രി മൂർ (Henry Moore: A Study of His Life and Work), എന്നീ നിരൂപണ ഗ്രന്ഥങ്ങളും, യുങ്ങിന്റെ കലക്ടീവ് അൺകോൺഷ്യസ് എന്ന ഗ്രന്ഥവുമായിരുന്നു. ഒരു കൽക്കരി ഖനിതൊഴിലാളിയായ അച്ഛന്റെ ഖനി ജീവിതമാണ് ഹെന്റ്രി മൂറിന്റെ ശില്പങ്ങളിൽ ഗുഹസമാനമായ (labyrynthine structure) സങ്കൽപങ്ങളുണ്ടാകാൻ കാരണമെന്ന് ഹെർബർട്ട് റീഡ് സമർത്ഥിച്ചു. കുട്ടിയായിരിക്കുമ്പോൾ ഹെന്റ്രി അച്ഛൻ ഖനിയുടെ കവാടത്തിലൂടെ ഇരുട്ടിലേയ്ക്ക് നഷ്ടപ്പെടുന്നത് ഭയത്തോടെ നോക്കിനിൽക്കാറുണ്ടത്രെ.

കൂടാതെ അക്കാലത്ത് മദിരാശി സ്കൂൾ ഓഫ് ആർട്ട്സിൽ പഠിച്ചിരുന്ന ടി.കെ. പദ്മിനി, കെ. ദാമോദരൻ, സി.എൻ. കരുണാകരൻ, മുത്തുക്കോയ, ജയപാലപ്പണിക്കർ തുടങ്ങിയ കലാകാരന്മാരുമായുള്ള സമ്പർക്കവും എന്നെ ആ കലകളോടടുപ്പിക്കാൻ ഏറെ സഹായിച്ചു.

പെട്ടെന്നുള്ള പറിച്ചുനടലിന്റെ മറ്റൊരു പ്രശ്നം നാട്ടിൽ മലയാളം മാത്രം സംസാരിച്ചിരുന്ന എനിക്ക് ഒരു സുപ്രഭാതത്തിൽ ഇംഗ്ലീഷിൽ സംസാരിക്കേണ്ടി വന്നുവെന്നതാണ്. ഇംഗ്ലീഷ് അറിയലും ഇംഗ്ലീഷിൽ സംസാരിക്കലും രണ്ടും രണ്ടാണ്. സംസാരഭാഷ ഞാൻ വളരെ ക്ലേശിച്ച് ഉണ്ടാക്കി. മാതൃഭാഷയോടുള്ള സ്നേഹത്തോടൊപ്പം തന്നെ ജോലിയ്ക്ക് അത്യാവശ്യമായ ഇംഗ്ലീഷും എന്റെ മനസ്സിൽ ഉറച്ചു. ലോകത്തെ വിജ്ഞാനം മുഴുവനും ലഭ്യമാക്കിത്തരുന്ന ഭാഷ എന്നതു മാത്രമല്ല, മറിച്ച് അന്നത്തെ നിസ്സഹായതയിൽ എന്നെ ഒപ്പം കൊണ്ടുനടന്ന ഭാഷ എന്ന മട്ടിലും എനിക്ക് ഇംഗ്ലീഷ് പ്രിയങ്കരമായി. എന്റെ മലയാളത്തിലുള്ള സംസാരം ഇംഗ്ലീഷ് വാക്കുകൾ കടന്നുകൂടി വികലമായത് ഈ പശ്ചാത്തലത്തിലാണ്.

'കൂറകൾ' എന്ന പുസ്തകത്തിലെ കഥകളെഴുതിയ കാലത്തെപ്പറ്റിയും പശ്ചാത്തലത്തെപ്പറ്റിയും പറയാനാണ് തുടങ്ങിയത്. ഒരു രാത്രി കണ്ട സ്വപ്നമെന്നു പറയാവുന്ന ദൃശ്യമാണ് 'മധുവിധു' എന്ന കഥയ്ക്ക് ആസ്പദം. നടന്നുകൊണ്ടിരിക്കുന്ന സംഭവമായിട്ടല്ല, ഒരു നിശ്ചലചിത്രമായിട്ട്. വളരെ വലിയ കാൻവാസ്സിൽ ആ ചിത്രം എന്റെ മനസ്സിൽ നിന്ന് വിട്ടുപോകാതെ നിൽക്കുകയാണ്. വിശാലതയിലേയ്ക്ക് തള്ളി നിൽക്കുന്ന ഒരിടത്ത് നിറയെ ഇലകളുള്ള ഒരു മരം, അതിനു താഴെ മണ്ണിൽ ഒരു പുരുഷൻ ഇരിക്കയാണ്. മടിയിൽ അയാളെ നോക്കിക്കൊണ്ട് കിടക്കുന്ന ചെറുപ്പക്കാരിയും. പുരുഷൻ നോക്കുന്നത് ദൂരെ മഞ്ഞുമലകൾ അതിരിട്ട ചക്രവാളമാണ്. അർത്ഥമില്ലാത്ത ആ കാഴ്ച അർദ്ധരാത്രി എന്റെ ഉറക്കം കളഞ്ഞു. ഞാൻ എഴുന്നേറ്റു, കടലാസെടുത്ത് എഴുതി.

*അവർ വേനലിൽ മരത്തിനു ചുവട്ടിൽ നീണ്ട ചാലുകൾ കീറി താമസമാക്കിയപ്പോൾ മരത്തിന് യുവത്വത്തിന്റെ അഴകുണ്ടായിരുന്നു, ധാരാളം ഇലകളും തണലുമുണ്ടായിരുന്നു. നമുക്കിവിടെ ജീവിതാവസാനം വരെ താമസിക്കാം. അവൾ പറഞ്ഞു. അയാൾ ഒന്നും പറയാതെ അവളെ ആലിംഗനം ചെയ്തു കിടന്നു.*

എന്താണങ്ങിനെ എഴുതാനെന്നറിയില്ല. തുടർന്ന് കഥയിലെ വാക്യങ്ങൾ ഓരോന്നായി ഉതിർന്നു വീണു എന്റേതായ ഒരു അദ്ധ്വാനവുമില്ലാതെത്തന്നെ. ഒരു മണിക്കൂറിനുള്ളിൽ കഥയെഴുതി തീർത്തു ഞാൻ വീണ്ടും ഉറങ്ങാൻ കിടന്നു. രണ്ടു ദിവസത്തിനുള്ളിൽ അത്യാവശ്യം തിരുത്തലുകൾ നടത്തി അത് അച്ഛന് അയച്ചു കൊടുത്തു. ആദ്യം കിട്ടിയ മറുപടി അമ്മയുടേതായിരുന്നു. കഥ വളരെയധികം ഇഷ്ടപ്പെട്ടു, ഒരു കവിത വായിക്കുന്നപോലുള്ള അനുഭവം എന്നെല്ലാം എഴുതി. അമ്മയുടെ കത്തിലെ വാക്യങ്ങൾ ശരിക്ക് ഓർമ്മയില്ല. കത്ത് ഞാൻ സൂക്ഷിച്ചു വച്ചിട്ടുണ്ട്. കത്തു കിട്ടിയപ്പോൾ എനിക്കു വളരെ ആഹ്ളാദം തോന്നി, കാരണം എനിക്കുതന്നെ അറിയില്ല അതൊരു കഥയാണോ മറ്റെന്തെങ്കിലുമാണോ എന്ന്.

പിന്നീട് ഹെന്റ്രി മൂറിന്റെയും ഗിയോകോമെറ്റിയുടെയും ബാർബറ ഹെപ്‌വർത്തിന്റെയും മറ്റും ശില്പങ്ങളെപ്പറ്റി പഠിച്ചപ്പോഴാണ് മനസ്സിലാവുന്നത് എന്റെ കഥ, കഥയുമല്ല, കവിതയുമല്ല, ഒരു ശില്പമാണെന്ന്. അക്ഷരങ്ങളുടെ കല്ലുകൾകൊണ്ട് തീർത്ത ശില്പം. മറ്റൊരു തലത്തിലും അതിന് നിലനില്പില്ല. ആർട്ടിസ്റ്റ് നമ്പൂതിരി അതിനു വരച്ച ചിത്രവും ഒരു ശില്പംപോലെ മനോഹരമായിരുന്നു. തിരുമേനിയോട് ആ ചിത്രം തന്നെ ഒരു ശില്പമാക്കാൻ ആവശ്യപ്പെട്ടാൽ ഒരു ക്ലാസ്സിക് ശില്പം ഉരുത്തിരിഞ്ഞേനെ. പലപ്പോഴും എനിക്കു തോന്നാറുണ്ട് തിരുമേനിയുടെ വരയുടെ മുമ്പിൽ എന്റെ കഥകളുടെ പ്രഭ നഷ്ടപ്പെട്ടു പോകുന്നുണ്ടോ എന്ന്.

ഈ കഥയെപ്പറ്റി പ്രൊഫ. എം. കൃഷ്ണൻ നായർ മലയാളനാടിലെ സാഹിത്യ വാരഫലത്തിൽ എഴുതിയത് എനിക്കനുകൂലമാണോ മറിച്ചാണോ എന്നറിയില്ല. ‘അതിഥി വീട്ടിലേയ്ക്കു വന്ന് ഇരിക്കുമ്പോഴേയ്ക്ക് ഗൃഹനായിക വന്ന് ഉള്ളിലേയ്ക്കുള്ള വാതിൽ ചാരുന്നു, അല്ലെങ്കിൽ ഒരു വശത്തേയ്ക്കു ചേർന്നു കിടക്കുന്ന കർട്ടൻ വലിച്ചടക്കുന്നു. അതിഥി, വീട്ടിലെ പെണ്ണുങ്ങളെ കാണാതിരിക്കാനാണ്.’ ‘മധുവിധു’ എന്ന കഥയിൽ ഈ വണ്ണം അതിഥിദ്വേഷകർമ്മം ചെയ്യുന്നു ഹരികുമാർ എന്നാണദ്ദേഹം എഴുതിയത്. തുടർന്ന് ഇങ്ങനെയും എഴുതി. ‘സ്ത്രീപുരുഷ ബന്ധത്തിന്റെ പ്രാധാന്യമായിരിക്കാം അദ്ദേഹം പ്രതിപാദനം ചെയ്യുന്നത്. ആ പ്രതിപാദനത്തിൽ നവീനതയുണ്ടു താനും. പക്ഷെ ആസ്വാദകന്റെ മുമ്പിൽ വലിച്ചിടുന്ന ദുർഗ്രഹതയെന്ന യവനിക അയാൾക്ക് വൈഷമ്യമുണ്ടാക്കുന്നു. (കൃഷ്ണൻ നായർ സാറിന്റെ ഇരുപത്തിനാലു വരികളുള്ള ദീർഘമായ നിരൂപണം ഞാൻ ചുരുക്കിയതാണ്.)

ഞാൻ അദ്ദേഹത്തോട് പൂർണ്ണമായും യോജിക്കുന്നു. സ്രഷ്ടാവിനു തന്നെ മുഴുവൻ മനസ്സിലാവാത്ത ഒരു കാര്യം വായനക്കാരന് മനസ്സിലാവണമെന്ന് വാശി പിടിക്കരുതല്ലൊ. ഇതിനുള്ള ഉത്തരം കാറൾ ഗുസ്താവ് യുങ്ങിന്റെ കലക്ടീവ് അൺകോൺഷസ് എന്ന തീയറിയിലുണ്ട്. ‘കൂറകൾ’ എന്ന സമാഹാരത്തിലെ മറ്റു ചില കഥകൾകൂടി ചിത്ര-ശില്പ കലയുടെ സ്വാധീനത്തിൽ എഴുതിയവയാണ്, ഉദാഹരണമായി ‘ഉണക്ക മരങ്ങൾ’, ‘ഞാൻ നിന്നിൽ’, ‘ശിശിരം’, ‘വെള്ളക്കുതിരയുടെ രാജകുമാരൻ’,‘ഇരുട്ടിന്റെ മകൾ’, ‘മലകളുടെ സംഗീതം’ (കുങ്കുമം വിതറിയ വഴികൾ എന്ന സമാഹാരത്തിൽ), തുടങ്ങിയവ. ഈ സ്വാധീനത്തിൽ നിന്ന് കുതറിയോടാൻ ഞാൻ ഏകദേശം പത്തു വർഷമെടുത്തു. ഈ വഴിത്തിരിവിന് കാരണമായത് കൽക്കത്തയിൽനിന്ന് ദില്ലിയിലേയ്ക്കുള്ള എന്റെ മാറ്റമായിരിക്കണം.

ഏകദേശം നൂറ് വാക്കുകൾ മാത്രമടങ്ങിയ ‘ഇരുട്ടിന്റെ മകൾ’ എന്ന ഹ്രസ്വകഥ ഞാൻ പിന്നീടെഴുതാൻ പോകുന്ന മറ്റൊരു കഥയുടെ മുന്നോടിയായിരുന്നു. ജ്വാല എന്ന ലിറ്റിൽ മാഗസിനിൽ പ്രസിദ്ധപ്പെടുത്തിയ ‘ഇരുട്ടിന്റെ മകൾ’ എഴുതിയത് തൊള്ളായിരത്തി എഴുപത്തൊന്നിലായിരുന്നു. പിന്നീട് ഒരു വർഷം കഴിഞ്ഞാണ് ‘തിമാർപ്പൂർ’ എഴുതിയത്. ഈ കഥയുടെ അമൂർത്തരൂപമായിരുന്നു ‘ഇരുട്ടിന്റെ മകൾ’. അമൂർത്ത സങ്കൽപത്തിൽനിന്ന് മൂർത്തിമത്ഭാവത്തിലേയ്ക്കുള്ള എന്റെ പ്രയാണമായി വേണമെങ്കിൽ ഈ രണ്ടു കഥകളെ കാണാം. ഒരു തീം അമൂർത്തമായിട്ടാണ് മനസ്സിൽ ഉദിക്കുന്നത്, എഴുത്തുകാരൻ അതിന് പൂർണ്ണരൂപം കൊടുക്കുകയാണ് ചെയ്യുന്നത്. രണ്ടായിരത്തി പതിനൊന്നിൽ സമകാലിക മലയാളത്തിന്റെ രണ്ടു ലക്കങ്ങളിലായി (2011 ഏപ്രിൽ) ‘എന്റെ സ്ത്രീകൾ’ എന്ന എന്റെ 21 സ്ത്രീപക്ഷകഥകളുടെ സമാഹാരം ഡോ. സി. ആർ. സുശീലാദേവി നിരൂപണം ചെയ്തിരുന്നു. ആ ഒമ്പതു പേജ് നിരൂപണത്തിൽ രണ്ടര പേജു മാത്രമുള്ള ‘തിമാർപ്പൂർ’ എന്ന കഥയ്ക്കായി ഒരു മുഴുവൻ പേജ് വിനിയോഗിച്ചിരിക്കുന്നു! മുപ്പതു കൊല്ലത്തോളം മോക്ഷത്തിനായി തപസ്സു ചെയ്ത ഈ കഥയ്ക്ക് ശാപമോചനം നൽകിയ ഡോ. സുശീലാദേവിക്കു നന്ദി. ആ കഥയ്ക്ക് ഈ വർഷം 44 വയസ്സാകുന്നു.

എന്തായാലും എഴുപതുകളുടെ ആദ്യത്തിൽ എന്റെ കഥയെഴുത്തിന്റെ ഗതി സാരമായി മാറി. എനിക്ക് വായനക്കാരിൽനിന്ന് ലഭിച്ച സ്വീകരണമെല്ലാം അതിനു ശേഷമായിരുന്നു. അതിൽ തെറ്റൊന്നുമില്ല. ഒരു കഥയെഴുതാൻ ആവശ്യപ്പെട്ട് കഥയ്ക്കു പകരം ശില്പമോ പെയ്ന്റിങ്ങോ കഥയുടെ രൂപത്തിൽ ഉണ്ടാക്കിക്കൊടുത്താൽ ശരിയാവില്ല. ഒരു ശില്പം അല്ലെങ്കിൽ ചിത്രം ഒരു മിന്നലിന്റെ വേഗത്തിൽ നമ്മുടെ മനസ്സിലേയ്ക്കു തള്ളിക്കയറുമ്പോൾ അതേ ഫലം മാത്രമാണ് അര മണിക്കൂർ ചെലവാക്കി ഒരു കഥ വായി

ക്കുമ്പോഴും കിട്ടുന്നത് എന്നായാൽ ശരിയാവില്ല. ഒരു കഥ അല്ലെങ്കിൽ നോവൽ വായിക്കാനിരിക്കുന്ന ആൾ ഒറ്റ ഫ്രെയിമിൽ സന്തുഷ്ടനാവില്ല. അയാൾക്ക് വേണ്ടത് പെയിന്റിങ്ങിന്റെ അല്ലെങ്കിൽ ശില്പത്തിന്റെ തുടർചിത്രങ്ങളാണ്. ഒരു ശില്പം അല്ലെങ്കിൽ പെയിന്റിങ്ങ് കഥയെക്കാൾ താഴെ നിൽക്കുന്നുവെന്ന് ഇതിനർത്ഥമില്ല. മറിച്ചാണെന്നാണ് എന്റെ വിശ്വാസവും അനുഭവവും. അറുപതുകളിൽ വായിച്ച കഥകളും നോവലുകളും വളരെ കുറച്ചുമാത്രം മനസ്സിൽ തങ്ങി നിൽക്കുമ്പോൾ അന്ന് നേരിട്ടോ, പുസ്തകങ്ങളിലെ കളർ പ്ലെയ്റ്റുകളിലൂടെയോ കണ്ട ചിത്രങ്ങളും ശില്പങ്ങളും ഇന്നും എന്റെ മനസ്സിൽ സജീവമാണ്.

'കൂറകൾ' എന്റെ ആദ്യസമാഹാരമാണ്. അതു പ്രസിദ്ധപ്പെടുത്തിയതിനു പിന്നിൽ ഒരു രസകരമായ കഥയുണ്ട്. ഞാൻ മുമ്പൊരിക്കൽ എഴുതിയിട്ടുണ്ടെങ്കിലും അതു വായിച്ചിട്ടില്ലാത്തവർക്കു വേണ്ടി വീണ്ടും എഴുതുകയാണ്. ഏകദേശം 10 – 12 കഥകളായപ്പോൾ അച്ഛൻ എനിക്കെഴുതി. ഒരു പുസ്തകത്തിനു വേണ്ട കഥകളായില്ലേ, പ്രസിദ്ധപ്പെടുത്തിക്കൂടെ? ശരിക്കു പറഞ്ഞാൽ ഞാനതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടായിരുന്നില്ല. ഞാൻ വീമ്പു പറയുകയാണെന്നു കരുതരുത്. ഇതെന്റെ സ്വഭാവത്തിന്റെ ഒരു ചീത്ത വശമാണ്, എനിക്ക് ഏറെ നഷ്ടങ്ങളുണ്ടാക്കിയ സ്വഭാവം. കുതിച്ചു കയറേണ്ടിടത്ത് നിസ്പൃഹനായി തിരിഞ്ഞു നടക്കുക.

അതുവരെ എഴുതിയ 12 കഥകൾ ഞാനയച്ചുകൊടുത്തു. അന്ന് ശ്രീ സി.പി. ശ്രീധരനായിരുന്നു എസ്.പി.സി.എസ്സിന്റെ പ്രസിഡന്റ്. അച്ഛൻ ഡയറക്ടർ ബോർഡ് അംഗമായിരുന്നു. അച്ഛൻ എന്റെ പുസ്തകം മീറ്റിങ്ങിൽ വെയ്ക്കാനായി സെക്രറ്ററി ശ്രീ എം.കെ. മാധവൻ നായർക്ക് കൊടുത്തു. പ്രസിദ്ധീകരണത്തിനുള്ള പുസ്തകങ്ങളുടെ തെരഞ്ഞെടുപ്പിന്റെ സമയത്ത് ഓരോ പുസ്തകത്തിന്റെയും ഗ്രന്ഥകർത്താവിന്റെയും പേരുകൾ വിളിച്ചു പറയും. കമ്മിറ്റി ഓരോന്നും 'എടുക്കാം' അല്ലെങ്കിൽ 'തള്ളാം' എന്നു പറയും. എന്റെ പുസ്തകത്തിന്റെ ഊഴമെത്തി. മാധവൻ നായർ വിളിച്ചു പറഞ്ഞു. ഇ. ഹരികുമാറിന്റെ 'കൂറകൾ' കഥാസമാഹാരം. 'കഥാസമാഹാരമാണോ, വേണ്ട.' എന്ന് എല്ലാവരും പറഞ്ഞു. മീറ്റിങ്ങ് കഴിഞ്ഞു അച്ഛൻ സെക്രറ്ററിയുടെ മുറിയിൽ ചെന്നു മാധവൻ നായരോട് പറഞ്ഞു. 'ഹരീടെ പുസ്തകം തരൂ, ഞാൻ പോവുകയായി.'

അപ്പോഴാണ് മാധവൻ നായർ മനസ്സിലാക്കിയത് എന്റെ പുസ്തകം തള്ളിക്കളഞ്ഞുവെന്ന്. അദ്ദേഹത്തിന് വിഷമമായി. 'അപ്പൊ എന്നെ ഒന്ന് ഓർമിപ്പിക്കായിർന്നില്ലെ ഇടശ്ശേരിയ്ക്ക്. സാരല്യ, ഞാനത് കമ്മിറ്റി മെമ്പർമാരോട് പറഞ്ഞ് പാസ്സാക്കിക്കാം, അല്ലെങ്കിൽ അടുത്ത മീറ്റിങ്ങിന് വെയ്ക്കാം.'

വേണ്ട, പുസ്തകം വേറെ ഏതെങ്കിലും പ്രസാധകർക്ക് കൊടുക്കാം എന്ന് അച്ഛൻ പറഞ്ഞു. ഒരിക്കൽ കമ്മിറ്റി തള്ളിക്കളഞ്ഞ പുസ്തകം വീണ്ടും അവരുടെ മുമ്പിൽ വെയ്ക്കുന്നത് ശരിയല്ലല്ലോ. അപ്പോഴാണ് ശ്രീ സി.പി. ശ്രീധരൻ മുറിയിലേയ്ക്ക് വന്നത്. എന്താ കാര്യം എന്നു അന്വേഷിച്ചു. ഒരു കാര്യവും തീർപ്പിലെത്താതെ വിടില്ലെന്ന വാശിയുള്ള അദ്ദേഹം ആ പുസ്തകം അച്ഛന്റെ പൂർണ്ണ സമ്മതമില്ലാതെ ത്തന്നെ മറ്റു മെമ്പർമാരോട് പറഞ്ഞുകൊണ്ട് അന്നു പാസാക്കിയ ലിസ്റ്റിൽ ചേർത്തു. 'ഇടശ്ശേരിടെ മകന്റെ പുസ്തകാണോ, എന്നിട്ടാണ് അത് തള്ളിയെന്നു പറഞ്ഞപ്പോൾ മിണ്ടാതിരുന്നത്?' എല്ലാവരുടെയും ചോദ്യമതായിരുന്നു. അച്ഛന്റെ ഈ സ്വഭാവം ആർക്കും മനസ്സിലായെന്നു വരില്ല. ഈ സംഭവം വളരെക്കാലത്തിനു ശേഷം സി.പി. ശ്രീധരൻ സാറ് പറഞ്ഞിട്ടാണ് ഞാനറിയുന്നത്. ഇതാണ് ആദ്യത്തെ പുസ്തകം വെളിച്ചം കണ്ടതിന്റെ കഥ. ആദ്യ പുസ്തകം അച്ചടിച്ച് കയ്യിൽ കിട്ടിയപ്പോൾ എന്താണ് തോന്നിയത്? ഓർമ്മയിൽ വലിയ ഉത്സാഹത്തള്ളിച്ചയൊന്നും കാണുന്നില്ല. ഞാൻ നേരത്തെ സൂചിപ്പിച്ച നിസ്സംഗ മനോഭാവമായിരിക്കണം കാരണം. അതിജീവനത്തിനുള്ള സമരങ്ങൾക്കിടയിൽ ഈ വക അസുലഭ നിമിഷങ്ങൾ, സൗഭാഗ്യങ്ങൾ ഏശാത്ത വിധം മനസ്സ് അസ്വസ്ഥമായിരുന്നു. ഈ പുസ്തകത്തിന് എക്സ്പ്രസ്സിൽ (1972 ഒക്ടോബർ 22)ശ്രീ തോട്ടം രാജശേഖരൻ മൂന്നു കോളത്തിൽ വളരെ നല്ല അഭിപ്രായവും തന്നു. അതു വായിച്ചപ്പോൾ സന്തോഷം തോന്നി, കാരണം മറ്റൊരാൾ എന്റെ കഥ എങ്ങിനെ വായിക്കുന്നു, എങ്ങിനെ ഇഷ്ടപ്പെടുന്നുവെന്നതിന്റെ സൂചനയാണല്ലൊ, പ്രത്യേകിച്ചും കലാമർമ്മജ്ഞനായ ഒരു നിരൂപകന്റെ അഭിപ്രായത്തിലൂടെ എനിക്കു കിട്ടുന്നത്. പ്രൊഫ. കെ.പി. ശങ്കരനും 'കൂറകൾ' എന്ന കഥയെപ്പറ്റി പ്രത്യേകിച്ച് എടുത്തു പറയാറുണ്ട്. ഒരിക്കൽ എറണാകുളത്ത് കലാപീഠത്തിൽ കഥകൾ വായിക്കുമ്പോൾ ഈ സമാഹാരത്തിലെ രണ്ടു കഥകൾ വായിക്കാൻ സദസ്സിലുണ്ടായിരുന്ന ശ്രീ ബാബു കുഴിമറ്റം ആവശ്യപ്പെട്ടിരുന്നു. 'ഉണക്കമരങ്ങൾ', പിന്നെ 'പരുന്തുകൾ വട്ടം ചുറ്റുമ്പോൾ'. അറുപത്തഞ്ചിലും അറുപത്തെട്ടിലും എഴുതിയ ഈ കഥകൾ ഒരാൾ, അതും വളരെ പ്രശസ്തനായ ഒരെഴുത്തുകാരൻ ഇരുപതു വർഷങ്ങൾക്കു ശേഷവും ഓർമ്മിക്കുന്നുവെന്നത് വളരെ പ്രശംസനീയമാണ്. 'കൂറകൾ' എന്ന കഥ തിരുവനന്തപുരം ദൂരദർശൻ ടെലിഫിലിമാക്കിയിട്ടുണ്ട്. ശ്രീ. കെ. ജ്യോതിഷ്കുമാറാണ് സംവിധാനം ചെയ്തിട്ടുള്ളത്. ശ്രീ എം.ടി. വാസുദേവൻ നായരാണ് ഈ കഥ വേണമെന്ന് ദൂരദർശന് നിർദ്ദേശം കൊടുത്തത്. ഇത് എനിക്ക് അളവറ്റ സന്തോഷമുണ്ടാക്കി. ഇതൊക്കെയാണ് കന്നി സന്തതിയുടെ പിറവിയ്ക്കു പിന്നിൽ, മുമ്പിലും.

ഇ. ഹരികുമാർ/13.07.2016